**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 505** **17-09-2025 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചെമ്പോത്ത് കുളം നവീകരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ എം.എൽ.എ.യുടെ 2020-21 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അരിമ്പൂർ പഞ്ചായത്തിലെ വാർഡ് 15-ലെ ചെമ്പോത്ത് കുളം നവീകരിക്കുന്നതിനായി പ്രത്യേകാനുമതി (സ്പെഷ്യൽ സാംങ്ഷൻ) നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ? | (എ) | **മണലൂർ എം.എൽ.എ.യുടെ 2020-21 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് "അരിമ്പൂർ പഞ്ചായത്തിലെ വാർഡ് 15-ലെ ചെമ്പോത്ത് കുളം നവീകരണം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനായി ധനകാര്യ വകുപ്പിൽ നിന്നും 04.04.2025 ലെ സ.ഉ.(സാധാ)നം.3373/2025/ധന. ഉത്തരവ് പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ – മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ധനകാര്യവകുപ്പ് – ആസ്തിവികസന പദ്ധതി – 2020 – 21 – തൃശ്ശൂർ ജില്ല – മണലൂർ നിയോജകമണ്ഡലം – "അരിമ്പൂർ പഞ്ചായത്തിലെ വാർഡ് 15 ലെ ചെമ്പോത്ത്കുളം നവീകരണം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നല്കുന്നതിനായി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്

**സ.ഉ.(സാധാ)നം.3373/2025/ധന** **തിരുവനന്തപുരം,തീയതി: 04-04-2025**

പരാമർശം : 1. 04/08/2018 ലെ സ.ഉ (അ)നം. 119/2018/ ധന. ഉത്തരവ്

2. 09.09.2021 ലെ സ.ഉ. (അ)നം.124/2021/ധന. ഉത്തരവ്.

3 ബഹു.മണലൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ.മുരളി പെരുനെല്ലി അവർകൾ 20/01/2025 ന് ബഹു ധനകാര്യ മന്ത്രിയ്ക്ക് നൽകിയ 429/2025/മണലൂർ. നം കത്ത്

## ഉത്തരവ്

മണലൂർ നിയോജക മണ്ഡലത്തിലെ 2020-21 സാമ്പത്തികവർഷത്തെ എം.എൽ.എ ആസ്തി വികസനഫണ്ടിൽ നിന്നും 40 ലക്ഷം രൂപ (നാൽപത് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് മണലൂർ നിയോജകമണ്ഡലം – "അരിമ്പൂർ പഞ്ചായത്തിലെ വാർഡ് 15 ലെ ചെമ്പോത്ത്കുളം നവീകരണം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് പ്രത്യേകാനുമതി ലഭ്യമാക്കണമെന്ന് ബഹു. മണലൂർ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.മുരളി പെരുനെല്ലി അവർകൾ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2020-21 സാമ്പത്തിക വർഷത്തെ ആകെ ഭരണാനുമതി തുക 5 കോടി രൂപയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയിൽ, 2020-21 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "അരിമ്പൂർ പഞ്ചായത്തിലെ വാർഡ് 15 ലെ ചെമ്പോത്ത്കുളം നവീകരണം" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന്, പരാമർശം (1), (2) ഉത്തരവുകളിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ. അനിൽ കുമാർ
അഡീഷണൽ സെക്രട്ടറി

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II) കേരള, തിരുവനന്തപുരം
3. ശ്രീ. മുരളി പെരുനെല്ലി. ബഹു എം.എൽ എ മണലൂർ നിയോജകമണ്ഡലം
   പെരുനെല്ലി വീട്, ഊരകം, പതിയാർക്കുളങ്ങര പി.ഒ, പറപ്പൂർ, തൃശ്ശൂർ - 680552
4. ജില്ലാ കളക്ടർ, തൃശ്ശൂർ
5. ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (നം.3081507)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ